IT@school

District Project Office,
IT@SCHOOL Project
(IT Project Under Directorate of Public Instruction),
1st Floor, Science Park
Ph : 04972701516
Email : dcknr@itschool.gov.in

No. ITS/KNR/12/443 Dated 07/12/2012

## സർക്കലർ

വിഷയം : ഒമ്പതാം കാസ്സ് വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ് അവധിക്കാലത്ത് പ്രത്യേക വെബ് പേജ് ഡിസൈനിംഗ് പരിശീലനം നൽകുന്നത് സംബന്ധിച്ച് :

സൂചന : 1.ഐ ടി അറ്റ്സ്കൂൾ പ്രൊജക്ട് എക്സിക്യൂട്ടീവ് ഡയരക്ടറുടെ 19/11/2012 ലെ No ITS/2012/11/1434(4)നമ്പർ സർക്കലർ
2. ഐ ടി അറ്റ്സ്കൂൾ പ്രൊജക്ട് എക്സിക്യൂട്ടീവ് ഡയരക്ടറുടെ 04/12/2012 ലെ No ITS/2012/12/1434(6)നമ്പർ സർക്കലർ

മേൽ സൂചനകൾ പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളിലേയും ഒമ്പതാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ് അവധിക്കാലത്ത് സബ് ജില്ലാ തലങ്ങളിൽ പ്രത്യേക വെബ് പേജ് ഡിസൈനിംഗ് പരിശീലനം നല്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഐ സി ടി പാഠപുസ്തകങ്ങളിലെ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള 2 ദിവസത്തെ പരിശീലനമായിരിക്കും ഇത്. ഇതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2012-13 വർഷത്തിൽ ഒമ്പതാം തരത്തിൽ പഠിക്കുന്ന, വെബ് പേജ് ഡിസൈനിംഗിൽ താല്പര്യമുള്ള കുട്ടികളെയാണ് ഈ പരിശീലനത്തിനായി തെരഞ്ഞെടുക്കേണ്ടത്.
2. ഓരോ സ്കൂളിലേയും ഒമ്പതാം ക്ലാസ്സിന്റെ ഓരോ ഡിവിഷനിൽ നിന്നും ഓരോ വിദ്യാർത്ഥികളെ വീതമാണ് തെരഞ്ഞെടുക്കേണ്ടത്.
3. തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് ചുവടെ കൊടുത്ത ഫോർമാറ്റിൽ തയ്യാറാക്കി വെക്കേണ്ടതും, ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കേണ്ടതുമാണ്. പരിശീലനത്തിനായി തെരഞ്ഞെടുത്ത വിവരം കുട്ടികളെ മുൻകൂട്ടി അറിയിക്കണം.

**Name of School:**

**No. of IX Std. Divisions:**

| Sl.No | Name of Student | Class & Division | Contact Number | E-mail id |
|---|---|---|---|---|
| | | | | |
| | | | | |

4. ഡിസംബർ 26 മുതൽ 30 വരെയുള്ള തീയ്യതികളിൽ 2 ദിവസത്തെ പരിശീലന മായിരിക്കും നടക്കുക.
5. ഓരോ സ്കൂളിനും അനുവദിച്ചിരിക്കുന്ന പരിശീലന സ്ഥലം, തീയതി എന്നിവ ജില്ലാതലത്തിൽ ആസൂത്രണം ചെയ്ത് ഉപജില്ലാ ചുമതല വഹിക്കുന്ന മാസ്റ്റർ ട്രെയിനർമാർ യഥാസമയം സ്കൂളുകളെ അറിയിക്കുന്നതാണ്.
6. പരിശീലനത്തിനായി ഏതെങ്കിലും സ്കൂളിന്റെ കമ്പ്യൂട്ടർ ലാബ് ആവശ്യപ്പെടുകയാണെങ്കിൽ ഈ ദിവസങ്ങളിൽ അവ അനുവദിച്ച് നല്കേണ്ടതാണ്. 10 പ്രവർത്തന സജ്ജമായ കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് സൗകര്യവുമുള്ള ഒരു ലാബിന് ദിവസത്തേക്ക് 200 രൂപ എന്ന ക്രമത്തിൽ വൈദ്യുത ചാർജ് ഈ ദിവസങ്ങളിൽ പ്രസ്തുത സ്കൂളുകൾക്ക് അനുവദിക്കുന്നതാണ്.
7. പരിശീലത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണമോ യാത്രാ ചെലവോ പ്രൊജക്ട് നൽകുന്നതല്ല. മാത്രവുമല്ല പരിശീലന കേന്ദ്രത്തിലേക്കുള്ള അവരുടെ വരവും തിരിച്ച പോക്കും അവരവരുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കും. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ രക്ഷാകർത്താവിന്റെ സമ്മതപത്രം സ്കൂളുകളിൽ വാങ്ങി സൂക്ഷിക്കാവുന്നതാണ്.

(ഒപ്പ്)
ജില്ലാ കോർഡിനേറ്റർ

Copy to

Deputy Director of Education, Kannur
District Educational Officers, Kannur, Thalassery
All High School Headmasters
Master Trainers
Stock File

Office of the District Co-ordinator
KANNUR
IT @ School Project